**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 669** **17-09-2025 - ൽ മറുപടിയ്ക്ക്**

**അടച്ചുപൂട്ടിയ ടെക്സ്റ്റൈൽ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതും കോവിഡിനെത്തുടർന്ന് അടച്ചുപൂട്ടിയതുമായ അളഗപ്പ ടെക്സ്റ്റൈൽ മിൽ ഇനിയും തുറന്ന് പ്രവർത്തിപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകൾ പൂർണമായും കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതായതിനാൽ സംസ്ഥാന തലത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയില്ല. |
| (ബി) | കേരള ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതും പിന്നീട് നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറിയതുമായ ടെക്സ്റ്റൈൽ മില്ലുകൾ പലതും പ്രവർത്തിപ്പിക്കാത്തതുമൂലം പ്രസ്തുത മേഖലയിലെ തൊഴിലാളികളും കുടുംബങ്ങളും കടുത്ത ജീവിത പ്രയാസത്തിലായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത മില്ലുകളും സ്ഥലവും തിരിച്ചെടുക്കുന്നതിനും പ്രവർത്തന സജ്ജമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിക്കുകയും, കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ചെയ്തിരുന്നു. എൻ.ടി.സി. മില്ലുകളുടെ മോശം സാമ്പത്തിക ശേഷിയുടെ വെളിച്ചത്തിൽ നീതി ആയോഗുമായും ധനമന്ത്രാലയത്തിന്റെ പൊതുമേഖലയെ സംബന്ധിച്ച വകുപ്പുമായും ആലോചിച്ച് ടെക്സ്റ്റൈൽ മന്ത്രാലയം ഒരു കർമ്മ പദ്ധതി തയ്യാറാക്കി വരുന്നു എന്ന് കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എൻ.ടി.സി.യുടെ പ്രവർത്തനം നിർത്തിവച്ച കാലയളവിൽ ടി സ്ഥാപനത്തിലെ ജീവനക്കാർക്ക് 2024 സെപ്റ്റംബർ വരെ പകുതി ശമ്പളം നൽകിയിരുന്നു. കൂടാതെ 18.05.2020 മുതൽ 30.06.2023 വരെയുള്ള കാലയളവിലെ വേതനത്തിന്റെ ബാക്കി 50% തുക എൻ.ടി.സി. യിലെ ജീവനക്കാർക്ക് വിതരണം ചെയ്യുകയും, വിരമിച്ച ജീവനക്കാർക്ക് 2024 ജൂലൈ വരെ ഗ്രാറ്റുവിറ്റി നൽകുകയും ചെയ്തിട്ടുണ്ടെന്നും കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സംബന്ധിച്ച് സർക്കാർ കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയവുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മില്ലുകളുടെ സ്ഥലങ്ങളും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിക്കുകയും, കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ചെയ്തിരുന്നു. എൻ.ടി.സി. മില്ലുകളുടെ മോശം സാമ്പത്തിക ശേഷിയുടെ വെളിച്ചത്തിൽ നീതി ആയോഗുമായും |

| | | | |
|---|---|---|---|
| | | | ധനമന്ത്രാലയത്തിന്റെ പൊതുമേഖലയെ സംബന്ധിച്ച വകുപ്പുമായും ആലോചിച്ച് ടെക്സ്റ്റൈൽ മന്ത്രാലയം ഒരു കർമ്മ പദ്ധതി തയ്യാറാക്കി വരുന്നു എന്ന് കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എൻ.ടി.സി.യുടെ പ്രവർത്തനം നിർത്തിവച്ച കാലയളവിൽ ടി സ്ഥാപനത്തിലെ ജീവനക്കാർക്ക് 2024 സെപ്റ്റംബർ വരെ പകുതി ശമ്പളം നൽകിയിരുന്നു. കൂടാതെ 18.05.2020 മുതൽ 30.06.2023 വരെയുള്ള കാലയളവിലെ വേതനത്തിന്റെ ബാക്കി 50% തുക എൻ.ടി.സി. യിലെ ജീവനക്കാർക്ക് വിതരണം ചെയ്യുകയും, വിരമിച്ച ജീവനക്കാർക്ക് 2024 ജൂലൈ വരെ ഗ്രാറ്റുവിറ്റി നൽകുകയും ചെയ്തിട്ടുണ്ടെന്നും കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സംബന്ധിച്ച് സർക്കാർ കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയവുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ